ഉത്തരം

(എ-ഡി) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ജില്ലാ കളക്ടർമാർ അനുവദിക്കുന്ന തുക 14 ദിവസത്തിനകവും സർക്കാർ ഗ്രണഭോക്താവിന്റെ പേര് എടുത്ത് പറഞ്ഞുകൊണ്ട് അനുവദിക്കുന്ന തുക ഒരു മാസത്തിനകവും വിതരണം ചെയ്യുന്നതിന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. എന്നാൽ ധനസഹായത്തിനുള്ള അപേക്ഷകരുടെ ബാഹുല്യവും ഫണ്ടിന്റെ അപര്യാപ്തതയുംമൂലം ഉത്തരവ് പുറപ്പെടുവിച്ച് കഴിഞ്ഞാലും ഗുണഭോക്താക്കൾക്ക് തുക ലഭ്യമാകാൻ കാലതാമസം നേരിടുന്നുണ്ട്.

എൻഡോസൾഫാൻ ദുരിതബാധിതർ നടത്തിയ സമരം

61 (1801) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൻഡോസൾഫാൻ ദുരിതബാധിതർ നടത്തിയ സമരം ഒത്തുതീർപ്പാക്കിക്കൊണ്ട് എന്തൊക്കെ ആനുകൂല്യങ്ങളാണ് പ്രഖ്യാപിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(ബി) പ്രഖ്യാപിച്ച ആനുകൂല്യങ്ങൾ സമയബന്ധിതമായി നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ & ബി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

എൻഡോസൾഫാൻ ദുരിതബാധിതർക്കായി പാക്കേജ്

62 (1802) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

എൻഡോസൾഫാൻ ദുരിതബാധതർക്ക് ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പുതുതായി എന്തെങ്കിലും പാക്കേജുകൾ പ്രഖ്യാപിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

- എൻഡോസൾഫാൻ ദുരിതബാധിതരെ കണ്ടെത്തുന്നതിനായി ജില്ലയിൽ സ്പെഷ്യലിസ്റ്റ് മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.
- എൻഡോസൾഫാൻ ദുരിതബാധിതർക്കുവേണ്ടി നിർമ്മിക്കാനുദ്ദേശിക്കുന്ന സമഗ്രപുനരധിവാസ ഗ്രാമം നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

1436/2018.

LIBRARY ARCHIVES Kerala Legislative Assembly

- ദുരിതബാധിതരുടെ കടബാദ്ധ്യതകൾ എഴുതി തള്ളുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.
- ദുരിതബാധിതരുടെ പട്ടികയിൽ ഉൾപ്പെടാത്തവർക്ക് അടിയന്തര ചികിത്സാ സഹായം നൽകുന്നുണ്ട്.
- ദുരിതബാധിത 11 പഞ്ചായത്തുകളിൽ സമ്മതം അറിയിച്ചിട്ടുള്ള 9 പഞ്ചായത്തുകൾക്ക് കേരള സാമൂഹ്യസുരക്ഷാ മിഷന്റെ സഹകരണത്തോടെ ഓരോ ആംബുലൻസുകൾ വീതം നൽകിയിട്ടുണ്ട്.
- എൻഡോസൾഫാൻ ദുരിതംമൂലം കിടപ്പിലായവരെ പരിചരിക്കുന്നവർക്കുവേണ്ടി ആശ്വാസകിരണം പദ്ധതി മുഖേന പ്രതിമാസം 700 രൂപ നൽകിവരുന്നു.
- 11 ദുരിതബാധിത ഗ്രാമപഞ്ചായത്തുകളിലും പരിശീലനം ലഭിച്ച രണ്ടുവീതം സ്റ്റാഫ് നഴ്സുകൾ കിടപ്പിലായ രോഗികളുടെ വീടുകൾ സന്ദർശിച്ച് അവർക്ക് ആവശ്യമായ പരിചരണങ്ങൾ നൽകി വരുന്നു.
- നബാർഡ് RIDF പദ്ധതി പ്രകാരം, എൻഡോസൾഫാൻ ദുരിതബാധിത പ്രദേശങ്ങളിൽ വിദ്യാഭ്യാസം, ആരോഗ്യം, സാമൂഹ്യനീതി, ജലസേചനം, മൃഗസംരക്ഷണം തുടങ്ങിയ വകുപ്പുകളുടെ സഹകരണത്തോടെ സാമൂഹ്യ സേവനമേഖലകളിൽ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.
- എൻഡോസൾഫാൻ ദുരിതബാധിതർക്ക് സൗജന്യമായി ഡയാലിസിസ് സൗകര്യം ഒരുക്കുന്നതിനായി കാസർഗോഡ് ജനറൽ ആശുപത്രിയിൽ 7 ഡയാലിസിസ് യൂണിറ്റുകൾ ഏർപ്പെടുത്തിയിട്ടുണ്ട്.
- എൻഡോസൾഫാൻ ദുരിതബാധിതർക്കുവേണ്ടി ഭവനപദ്ധതി സർക്കാരിന്റെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും സന്നദ്ധസംഘടനകളുടെയും പങ്കാളിത്തത്തോടുകൂടി സാഫല്യം എന്ന പേരിൽ നടപ്പിലാക്കുന്നുണ്ട്.
- എൻഡോസൾഫാൻ ദുരിതബാധിതരുടെ പട്ടികയിൽ ഉൾപ്പെട്ടവർക്ക് തിരിച്ചറിയൽ കാർഡുകൾ വിതരണം ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.
- ദേശീയ മനുഷ്യാവകാശ കമ്മീഷൻ ശിപാർശ ചെയ്ത പ്രകാരം ദുരിതബാധിതരുടെ പട്ടികയിലുൾപ്പെട്ട 3 കാറ്റഗറിയിലുള്ളവർക്കും

LIBRARY ARCHIVES Kerala Legislative Assembly

(പൂർണ്ണമായും കിടപ്പിലായവർക്കും ബുദ്ധിമാന്ദ്യം സംഭവിച്ചവർക്കും ശാരീരികവൈകല്യം സംഭവിച്ചവർക്കും), കൂടാതെ മനുഷ്യാവകാശ കമ്മീഷൻ നിർദ്ദേശിക്കാത്ത ക്യാൻസർ രോഗികൾക്കും എൻഡോസൾഫാൻ ദുരിതബാധിതർക്കുള്ള പ്രത്യേക ധനസഹായത്തിന്റെ 3-ൽ 2 ഗഡുക്കൾ നൽകിയിട്ടുണ്ട്.

- പൂർണ്ണമായും കിടപ്പിലായവർക്കും ബുദ്ധിമാന്ദ്യം സംഭവിച്ചവർക്കും മരണപ്പെട്ടവരുടെ ആശ്രിതർക്കും പ്രത്യേക ധനസഹായത്തിന്റെ 1.5 ലക്ഷം രൂപ വീതമുള്ള രണ്ട് ഗഡുക്കളും ശാരീരിക വൈകല്യമുള്ളവർക്കും ക്യാൻസർ രോഗികൾക്കും 1 ലക്ഷം രൂപ വീതമുള്ള രണ്ട് ഗഡുക്കളും നൽകിയിട്ടുണ്ട്.

- ആകെ 89.925 കോടി രൂപ ദേശീയ മനുഷ്യാവകാശ കമ്മീഷൻ ശിപാർശ ചെയ്ത് പ്രത്യേക ധനസഹായമായി അനുവദിച്ച് നൽകിയിട്ടുണ്ട്.

- എൻഡോസൾഫാൻ ദുരിതബാധിതരുടെ പട്ടികയിൽ ഉൾപ്പെട്ടവർക്ക് കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ മുഖേന അവരുടെ രോഗാവസ്ഥയുടെ അടിസ്ഥാനത്തിൽ കാറ്റഗറി തിരിച്ച് 2011 മുതൽ 1000, 2000 രൂപ എന്നിങ്ങനെ പ്രതിമാസം നൽകി വന്ന പെൻഷൻ 1-4-2015 മുതൽ 200 രൂപ വീതം വർദ്ധിപ്പിച്ച് 1200, 2200 രൂപ എന്നിങ്ങനെ നൽകി വരുന്നുണ്ട്.

- എൻഡോസൾഫാൻ ദുരിതബാധിതർക്ക് വിവിധ ആരോഗ്യ കേന്ദ്രങ്ങളിലായി സൗജന്യമായി ചികിത്സ നൽകിവരുന്നുണ്ട്. മെഡിക്കൽ കോളേജുകൾ അടക്കം 17 എംപാനൽഡ് ആശുപത്രികളിൽ സൗജന്യമായി വിദഗ്ദ ചികിത്സയും നൽകിവരുന്നുണ്ട്.

- എൻഡോസൾഫാൻ ദുരിതബാധിത പട്ടികയിൽ ഉൾപ്പെട്ടവരിൽ അപേക്ഷ സമർപ്പിച്ചവർക്ക് റേഷൻകാർഡ് ബി.പി.എൽ. ആക്കി മാറ്റിയിട്ടുണ്ട്. ദുരിതബാധിതരായ മുഴുവൻ കുടുംബാംഗങ്ങൾക്കും സൗജന്യമായി റേഷൻ നൽകി വരുന്നുണ്ട്.

- എൻഡോസൾഫാൻ ദുരിതബാധിത കുടുംബങ്ങളിലെ വിദ്യാർത്ഥികൾക്ക് കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ മുഖാന്തരം സ്കോളർഷിപ്പ് വിതരണം ചെയ്തു വരുന്നുണ്ട്. പ്രൈമറി ക്ലാസുകളിൽ 2000 രൂപ വീതവും ഹൈസ്കൂളുകളിൽ 3000 രൂപ വീതവും ഹയർസെക്കന്ററികളിൽ 4000 രൂപ വീതവും ആണ് സ്കോളർഷിപ്പ് ഇനത്തിൽ അനുവദിച്ചുവരുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

- മാനസിക വൈകല്യമുള്ള ദുരിതബാധിതരെ പരിപാലിക്കുന്നതിനായി എൻഡോസൾഫാൻ ദുരിതബാധിത പഞ്ചായത്തുകളിലായി 6 എണ്ണവും നീലേശ്വരം മുനിസിപ്പാലിറ്റിയിൽ ഒന്നുമായി ആകെ 7 ബഡ്സ് (സ്പെഷ്യൽ) സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട്.

- നിലവിൽ ബഡ്സ് സ്കൂളുകൾക്ക് നൽകിയിട്ടുള്ള വാഹനങ്ങൾക്ക് പുറമെ പുതുതായി ബഡ്സ് സ്കൂളുകളിലെ കുട്ടികൾക്കായി അന്താരാഷ്ട്ര മാനദണ്ഡങ്ങൾക്ക് അനുസൃതമായി പരിഷ്കരിച്ച സ്പെഷ്യൽ വാഹനങ്ങൾ മനോരമ സ്നേഹനിധിയിൽ നിന്നുള്ള ഫണ്ട് ഉപയോഗിച്ച് ജില്ലാ കളക്ടറുടെ പേരിൽ വാങ്ങി നൽകി വരുന്നു.

- എൻഡോസൾഫാൻ ദുരിതബാധിതർക്ക് ആശുപത്രികളിലേയ്ക്കും തിരിച്ചും സൗജന്യമായി യാത്ര സൗകര്യം.

- ഗ്രാമപഞ്ചായത്തുകളിലെ ആശുപത്രികളും കിടപ്പിലായ രോഗികളുടെ വീടുകളും സന്ദർശിച്ച് ചികിത്സ നൽകുന്നതിനായി മൊബൈൽ മെഡിക്കൽ ടീമിന്റെ സേവനം ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ സൗജന്യമായി മരുന്നുകളും ലഭ്യമാക്കിവരുന്നു.

മുഖ്യമന്ത്രിയുടെ ചികിത്സാ സഹായനിധി

63 (1803) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കേരള മുഖ്യമന്ത്രിയുടെ ചികിത്സാ സഹായ നിധിയിൽ നിന്നും സാമ്പത്തിക സഹായത്തിനായി അപേക്ഷ നൽകിയവരിൽ ഇനിയും തുക അനുവദിക്കാനുള്ള എത്ര അപേക്ഷകൾ മുഖ്യമന്ത്രിയുടെ ഓഫീസിൽ ഉണ്ടെന്ന് വ്യക്തമാക്കാമോ; സഹായം അനുവദിച്ചവരിൽ എത്ര പേർക്ക് ഇനിയും തുക ലഭ്യമാക്കാനുണ്ടെന്നും, ഇത് എപ്പോൾ ലഭ്യമാക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ?

ഉത്തരം

ബഹു. മുഖ്യമന്ത്രിയുടെ ചികിത്സാ ധനസഹായനിധിയിൽ നിന്നും സാമ്പത്തിക സഹായത്തിനായി ലഭിക്കുന്ന അപേക്ഷകളിൽ അർഹത പ്പെട്ടവർക്കെല്ലാം ധനസഹായം അനുവദിച്ചിട്ടുണ്ട്.